(ഡി) യഥാസമയം സ്റ്റേ ഒഴിവാക്കി ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകാത്തത് റാങ്ക് പട്ടികയിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സമയബന്ധിതമായി നിയമനം നൽകുക എന്ന സർക്കാർ നയത്തിന് വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ;

&

(ഇ) റിപ്പോർട്ട് ചെയ്യപ്പെട്ട 47 ഒഴിവുകളിലേക്ക് അടിയന്തരമായി സ്റ്റേ ഒഴിവാക്കി നിയമന ശിപാർശ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

തിരുവനന്തപുരം ജില്ലയിൽ LPSA തസ്തികയുടെ കാറ്റഗറി നമ്പർ 389/2008 ആയുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ ചെയ്യുന്നതിനായി റിപ്പോർട്ട് ചെയ്ത 47 ഒഴിവുകളിലേക്കുള്ള നിയമനശിപാർശ തടയുന്നതിനായി കാറ്റഗറി നമ്പർ 387/2014 തസ്തികയുടെ റാങ്ക് ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്ത കേസിൻമേലാണ് ഇടക്കാല ഉത്തരവിലൂടെ മേൽപ്പറഞ്ഞ ഒഴിവുകളിലേക്ക് നിയമന ശിപാർശ സ്റ്റേ ചെയ്തത്. മുൻ റാങ്ക് പട്ടിക നാലര വർഷം കാലാവധി ലഭിച്ച ലിസ്റ്റാണെന്നും ആയതിനാൽ പ്രസ്തുത 47 ഒഴിവുകൾ ടി ലിസ്റ്റിലുള്ളവർക്ക് അവകാശപ്പെട്തല്ലെന്നും കാറ്റഗറി നമ്പർ 387/2014 സെലക്ഷന്റെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഹർജിക്കാർക്ക് അവകാശപ്പെട്തുമാണെന്നായിരുന്നു ഹർജിക്കാരുടെ തടസ്സവാദം. എന്നാൽ ടി ഹർജിക്കാർക്കെല്ലാം തന്നെ നിയമന ശിപാർശ ലഭ്യമായിട്ടുണ്ട്. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾക്കായി ലീഗൽ റിറ്റെനർക്ക് കത്ത് PSC നൽകിയിട്ടുണ്ട്

കേരഫെഡിന്റെ ഫീഡർ കാറ്റഗറി റൂൾസ്

56 (4780) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡിന്റെ ഫീഡർ കാറ്റഗറി റൂൾസിന് (സ്പെഷ്യൽ റൂൾ) നിലവിൽ അംഗീകാരം ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഫീഡർ കാറ്റഗറി റൂൾസിന് അംഗീകാരം നൽകുന്ന നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ഫീഡർ കാറ്റഗറി റൂൾസിന് അംഗീകാരം ലഭ്യമാകാത്തത് കേരഫെഡിലെ ജീവനക്കാരുടെ പ്രൊമോഷനെ ബാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

&

(ഡി) പ്രസ്തുത ഫീഡർ കാറ്റഗറി റൂൾസിന് അംഗീകാരം നൽകുന്ന നടപടി വേഗത്തിലാക്കുമോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

25-1-2020 ലെ സ.ഉ.(കൈ)നമ്പർ 14/2020/കൃഷി പ്രകാരം അംഗീകാരം നൽകിയ കേരഫെഡിലെ സ്റ്റാഫ് പാറ്റേണിന് അനുസൃതമായി കേരഫെഡ് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച കരട് റിക്രൂട്ട്മെന്റ് റൂൾ, ജോലി സ്വഭാവത്തിനും ഉത്തരവാദിത്തങ്ങൾക്കനുസരിച്ചും ഫാക്ടറികളുടെ സുഗമമായ നടത്തിപ്പിന് അനുസൃതമായും ഭരണനിർവ്വഹണത്തിന് അത്യന്താപേക്ഷിതമായ ഭേദഗതികൾ സഹിതം Draft Recruitment (Qualification and Method of Appointment) Rules for Kerafed-2020 തയ്യാറാക്കുകയും, അതിന്മേൽ ആസൂത്രണ-സാമ്പത്തികകാര്യ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര, ധനകാര്യ, നിയമ വകുപ്പുകളുടെ അഭിപ്രായം തേടുകയും ചെയ്തിരുന്നു. നിയമന ചട്ടരൂപീകരണത്തിന്റെ അന്തിമ ഘട്ടമെന്ന നിലയിൽ കരട് ചട്ടത്തിന്മേൽ കേരള പി.എസ്.സി.-യുടെ ഉപദേശം തേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ നിയമനം

57 (4781) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര പേർക്ക് നിയമനം ലഭ്യമാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

26-5-2016 മുതൽ 20-5-2021 വരെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ പി.എസ്.സി. നൽകിയിട്ടുള്ള നിയമന ശിപാർശകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പുതിയ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

പാർട്ട് ടൈം/ഫുൾടൈം, കണ്ടിജന്റ് ജീവനക്കാരുടെ നിയമനം

58 (4782) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പാർട്ട് ടൈം/ഫുൾടൈം, കണ്ടിജന്റ് ജീവനക്കാരെ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.